# ഭാരതീയ റിസർവ് ബാങ്ക്

www.rbi.org.in

ആർ ബി ഐ/2020-21/34
ഡിഒആർ.നം.ബിഡി/ബിസി/13/21.04.048/2020-21

സെപ്റ്റംബർ 7, 2020

എല്ലാ വാണിജ്യ ബാങ്കുകൾക്കും (സ്മോൾ ഫിനാൻസ് ബാങ്കുകൾ, ലോക്കൽ ഏരിയ ബാങ്കുകൾ, റീജിയണൽ റൂറൽ ബാങ്കുകൾ എന്നിവ ഉൾപ്പെടെ)
എല്ലാ പ്രൈമറി (അർബൻ) കോ-ഓപ്പറേറ്റീവ് ബാങ്കുകൾ/സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ/ഡിസ്ട്രിക്ട് സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കും
എല്ലാ ഓൾ ഇന്ത്യാ ധനകാര്യ സ്ഥാപനങ്ങൾക്കും
എല്ലാ ബാങ്കിങ്-ഇതര ധനകാര്യ കമ്പനികൾക്കും (ഹൗസിങ് ഫിനാൻസ് കമ്പനികൾ ഉൾപ്പെടെ)

മാഡം/പ്രിയപ്പെട്ട സർ,

**കോവിഡ്-19 ന് അനുബന്ധമായ ക്ലേശം പരിഹരിക്കാൻ വേണ്ടിയുള്ള ക്ലേശപരിഹാര രൂപരേഖ- ധനകാര്യ മാനദണ്ഡങ്ങൾ.**

ക്ലേശപരിഹാര പദ്ധതി രൂപരേഖയുടെ അനുബന്ധം ബി പ്രകാരം അർഹരായ വായ്പക്കാരെ സംബന്ധിച്ച ക്ലേശ പരിഹാര പദ്ധതികളിൽ ഓരോ പ്രത്യേക വിഭാഗം വായ്പകൾക്കുമായി പരിഗണിക്കപ്പെടുന്ന ധനകാര്യ മാനദണ്ഡങ്ങൾ പരിഹാര പദ്ധതികളിൽ വേർതിരിച്ചു കാണിക്കാനാവശ്യമായ ശിപാർശകൾ സമർപ്പിക്കുവാനായി റിസർവ് ബാങ്ക് ഒരു വിദഗ്ദ്ധ സമിതിയ്ക്ക് രൂപം നൽകുന്ന കാര്യം പരാമർശിക്കുന്ന 2020 ഓഗസ്റ്റ് 6 ലെ സർക്കുലർ ഡി ഒ ആർ. നം.ബിപി.ബിസി/21.04.048/2020-21-(ക്ലേശ പരിഹാര രൂപരേഖ) ന്റെ അനുബന്ധത്തിലെ ഖണ്ഡിക 23,24 ദയവായി പരിശോധിക്കുക.

2. അപ്രകാരം 2020 ഓഗസ്റ്റ് 7-ാം തീയതിയിലെ പത്രക്കുറിപ്പിൽ പ്രഖ്യാപിച്ചത് പോലെ ശ്രീ. കെ. വി. കാമത്ത് ചെയർപേഴ്സണായി റിസർവ് ബാങ്ക് ഒരു വിദഗ്ദ്ധ സമതിയ്ക്ക് രൂപം നൽകിയിരിക്കുന്നു. തുടർന്ന് വിദഗ്ദ്ധ സമിതി അവരുടെ ശിപാർശകൾ 2020 സെപ്തംബർ 4-ന് റിസർവ് ബാങ്കിന്

സമർപ്പിക്കുകയും അതിലെ ശിപാർശകൾ പൊതുവെ റിസർവ് ബാങ്ക് സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

3. ഇതിൻപ്രകാരം എല്ലാ വായ്പാസ്ഥാപനങ്ങളും നിർബന്ധമായും ക്ലേശ പരിഹാര പദ്ധതിയുടെ അനുബന്ധം ബി യിൽ പരാമർശിക്കപ്പെടുന്ന അർഹരായ വായ്പക്കാരുടെ കാര്യത്തിൽ ക്ലേശപരിഹാര പദ്ധതികൾ അന്തിമമായി തീരുമാനിക്കുന്ന വേളയിൽ താഴെപ്പറയുന്ന സുപ്രധാന അനുപാതങ്ങൾ പരിഗണിക്കേണ്ടതാണ്.

| സുപ്രധാന അനുപാതം | നിർവചനം |
|---|---|
| മൊത്തം ഔട്ട്സൈഡ് ലയബിലിറ്റീസ് അഡ്ജസ്റ്റഡ് ടാൻജിബിൾ നെറ്റ് വർത്ത് (ടിഒഎൽ/എടിഎൻ ഡബ്ല്യൂ) | ദീർഘകാല ഋണം., ഹ്രസ്വകാല ഋണം, നിലവിലെ ബാധ്യതകൾ, കരുതിവക്കലുകൾ, മാറ്റിവയ്ക്കപ്പെട്ട നികുതി ബാധ്യത എന്നിവയുടെ ആകെത്തുകയെ ടാൻജിബിൾ നെറ്റ് വർത്ത്, ഗ്രൂപ്പിലും വെളിയിലുമുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള അറ്റ നിക്ഷേപങ്ങൾ, വായ്പകൾ എന്നിവയുടെ തുക കൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന ഫലം. |
| മൊത്തം ഋണം/ഇബിഐടിഡിഎ | ഹ്രസ്വകാല ഋണം, ദീർഘകാല ഋണം എന്നിവയെ കൂട്ടിച്ചേർത്ത് കിട്ടുന്ന തുകയെ നികുതി കണക്കാക്കുന്നതിന് മുൻപുള്ള ലാഭം, പലിശയും ധനകാര്യച്ചെലവുകളും ഒപ്പം ഡിപ്രീസിയേഷൻ, അമോർട്ടൈസേഷൻ, എന്നിവയുടെ ആകെത്തുക കൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന ഫലം. |
| കറന്റ് റേഷ്യോ | നിലവിലെ ആസ്തികളെ നിലവിലെ ബാധ്യതകൾ കൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന ഫലം. |
| ഡെബ്റ്റ് സർവ്വീസ് കവറേജ് റേഷ്യോ (ഡി എസ് സി ആർ) | പ്രസക്തമായ കൊല്ലത്തെ സംബന്ധിച്ചിടത്തോളം, അറ്റ ധനവർദ്ധനയോടൊപ്പം പലിശച്ചെലവും ധനകാര്യച്ചെലവുകളും കൂട്ടിയാൽ ലഭിക്കുന്ന തുകയെ |

| | |
|---|---|
| | ദീർഘകാല ഋണത്തിന്റെ നിലവിലെ ഭാഗത്തോടൊപ്പം പലിശച്ചെലവും ധനകാര്യച്ചെലവുകളും കൂട്ടിയാൽ ലഭിക്കുന്ന തുക കൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന ഫലം. |
| ആവറേജ് ഡെബ്റ്റ് സർവ്വീസ് കവറേജ് റേഷ്യോ (എ ഡി എസ് സി ആർ) | വായ്പയുടെ കാലയളവിൽ, അറ്റ ധന വർധനയോടൊപ്പം പലിശച്ചെലവും ധനകാര്യചെലവുകളും കൂട്ടിയാൽ ലഭിക്കുന്ന തുകയെ ദീർഘകാല ഋണത്തിന്റെ നിലവിലെ ഭാഗത്തോടൊപ്പം പലിശച്ചെലവും ധനകാര്യച്ചെലവുകളും കൂട്ടിയാൽ ലഭിക്കുന്ന തുക കൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന ഫലം. |

4. ക്ലേശപരിഹാര പദ്ധതി അംഗീകരണത്തിൽ ഒരു അർഹനായ വായ്പക്കാരന്റെ കാര്യത്തിൽ വായ്പാ സ്ഥാപനങ്ങൾ പരിഗണിക്കേണ്ടതായ മുകളിൽ പ്പറഞ്ഞിരിക്കുന്ന ഓരോ സുപ്രധാന അനുപാതങ്ങൾക്കുമായുള്ള മേഖലനിയതമായ അതിരുകൾ (സന്ദർഭാനുസരണം, ഉയർന്ന, അല്ലെങ്കിൽ താഴ്ന്ന പരിധികൾ) അനുബന്ധത്തിൽ നൽകിയിരിക്കുന്നു. മേഖലാനിയതമായ അതിരുകൾ നിർദ്ദേശിക്കപ്പെട്ടില്ലാത്ത വിഭാഗങ്ങളിൽ ടിഒഎൽ/എടിഎൻഡബ്ല്യു, ആകെ ഋണം/ഇബിഐടിഎ സംബന്ധമായി വായ്പാസ്ഥാപനങ്ങൾ അവരുടെ സ്വന്തമായ ആന്തരിക നിർണ്ണയം നടത്തേണ്ടതാണ്. എന്ന് വരികിലും, എല്ലാ സ്ഥിതികളിലും കറന്റ് റേഷ്യോയും ഡി എസ് സി ആർ- ഉം, 1.0 അല്ലെങ്കിൽ അതിനുമുകളിൽ, എഡിഎസ് സി ആർ 1.2 അല്ലെങ്കിൽ അതിനു മുകളിൽ ആയിരിക്കണം.
5. മുകളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന നിർബന്ധിതമായ സുപ്രധാന അനുപാതങ്ങൾ, നിർദ്ദേശിക്കപ്പെട്ട മേഖലാനിയതമായ അതിരുകൾ എന്നിവ കൂടാതെ മറ്റ് ധനകാര്യ മാനദണ്ഡങ്ങൾ കൈക്കൊള്ളുവാൻ അർഹരായ വായ്പക്കാർക്കുവേണ്ടിയുള്ള ക്ലേശപരിഹാര അംഗീകരണങ്ങൾ അന്തിമമായി തീരുമാനിക്കുമ്പോൾ വായ്പാ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. ഒരൊറ്റ വായ്പാസ്ഥാപനവും, അർഹനായ ഒരൊറ്റ വായ്പക്കാരനും

മാത്രമുള്ള സ്ഥിതികളിലും മുകളിൽപ്പറഞ്ഞ കാര്യങ്ങൾ ആവശ്യം തന്നെയാണ്.

6. ഖണ്ഡിക 4 ൽ നിർദ്ദേശിച്ചിരിക്കുന്ന അനുപാതങ്ങൾ ഉയർന്ന, അല്ലെങ്കിൽ താഴ്ന്ന പരിധികൾക്കായി സന്ദർഭാനുസരണം ഉദ്ദേശിച്ചിട്ടുള്ളവയാണ്. എന്നാൽ ഓരോ വായ്പയുടെ കാര്യത്തിലും അനുയോജ്യമായ അനുപാതങ്ങൾ നിശ്ചയിക്കുമ്പോൾ, വായ്പാ അക്കൗണ്ടിൽ കോവിഡ്-19 ന് മുൻപുണ്ടായിരുന്ന പ്രവർത്തനപരവും ധനകാര്യപരവുമായ പ്രകടനവും, ഈ കാര്യങ്ങളിൽ കോവിഡ്-19 ന്റെ പ്രത്യാഘാതവും ക്ലേശപരിഹാരപദ്ധതി അന്തിമമായി തീരുമാനിക്കുമ്പോൾ, തുടർന്നുള്ള വർഷങ്ങളിലെ പണം വരവ് നിർണ്ണയിക്കാനായി പരിഗണിക്കുന്നതായിരിക്കും.

7. ക്ലേശപരിഹാര പദ്ധതി തയ്യാറാക്കുമ്പോഴോ അല്ലെങ്കിൽ നടപ്പാക്കുമ്പോഴോ, വ്യത്യസ്ത മേഖലകളിൽ/ സ്ഥാപനങ്ങളിൽ മഹാമാരിയുടെ വ്യത്യസ്ത പ്രത്യാഘാതങ്ങൾ കണക്കിലെടുത്തുകൊണ്ട് വായ്പാസ്ഥാപനങ്ങൾക്ക് അവരുടെ ഔചിത്യബോധമനുസരിച്ച്, പ്രത്യാഘാതത്തിന്റെ രൂക്ഷതയുടെ അടിസ്ഥാനത്തിൽ ഒരു തരംതിരിച്ചുള്ള സമീപനം കൈക്കൊള്ളാവുന്നതാണ്. അത്തരത്തിൽ തരംതിരിച്ചുള്ള ഒരു സമീപനം വഴി, സമിതി ശിപാർശ ചെയ്തപോലെ വായ്പക്കാരിലുണ്ടായ പ്രത്യാഘാതത്തെ കഠിനമല്ലാത്തത്, മിതമായത്, രൂക്ഷമായത് എന്നിങ്ങനെ ഇനം തിരിക്കാനും കഴിയും.

8. നിർവഹണ സമയത്ത് തന്നെ ക്ലേശപരിഹാരപദ്ധതി പ്രകാരം സമ്മതിച്ച ടിഒഎൽ/എടിഎൻഡബ്ല്യു അനുവർത്തനം വായ്പാസ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്. എങ്ങനെയായാലും, ക്ലേശപരിഹാര പദ്ധതി പ്രകാരം ഈ അനുപാതം നിലനിർത്തേണ്ടതാണ്. 2022 മാർച്ച് 31 ആകുമ്പോഴേക്കും കൈവരിക്കേണ്ടുന്നതും അതിനുശേഷവും തുടർച്ചയായി നിലനിർത്തേണ്ടുന്നതുമാണ്. എന്നു വരികിലും ക്ലേശപരിഹാര പദ്ധതികളിൽ ഓഹരി നിക്ഷേപം ഉണ്ടാകുമെന്നു കരുതപ്പെടുന്ന വായ്പാ അക്കൗണ്ടുകളുടെ കാര്യത്തിൽ ഈ അനുപാതം ഈ കാലയളവിലേക്ക് ഉചിതമായ രീതിയിൽ ഘട്ടംഘട്ടമായി കൈവരിക്കേണ്ടതാണ്. മറ്റെല്ലാം സുപ്രധാന അനുപാതങ്ങളും ക്ലേശപരിഹാരപദ്ധതി പ്രകാരം 2022 മാർച്ച് 31 ആകുമ്പോഴേക്കും, അതിനുശേഷവും തുടർച്ചയായി നിലനിർത്തേണ്ടതാണ്.

9. സമ്മതിക്കപ്പെട്ട അനുപാതങ്ങൾ കൈവരിക്കുന്ന കാര്യത്തിലുള്ള അനുവർത്തനം ധനകാര്യ ധാരണാപത്രങ്ങളെന്ന നിലയിൽ തുടർച്ചയായരീതിയിലും പിന്നീട് വരുന്ന വായ്പാ അവലോകനങ്ങളിലും മേൽനോട്ടത്തിന് വിധേയമാക്കേണ്ടതാണ്. അനുപാതങ്ങളിൽ എന്തെങ്കിലും വിധത്തിലുള്ള ലംഘനങ്ങൾ ഉണ്ടായാൽ അവ ന്യായമായ ഒരു സമയപരിധിയ്ക്കുള്ളിൽ തിരുത്തപ്പെടാത്ത പക്ഷം, അത് സാമ്പത്തിക ഞെരുക്കമായി പരിഗണിക്കപ്പെടുന്നതാണ്.

**മറ്റ് വിശദീകരണങ്ങൾ- ഐ സി എ യുടെയും എസ്ക്രോ അക്കൗണ്ടിന്റെയും പ്രയോഗക്ഷമത.**

10. ക്ലേശപരിഹാര പദ്ധതിയുടെ വിവിധ ആവശ്യകോപാധികൾ- വിശേഷിച്ചും അവ ബാധകമായ ഇടങ്ങളിൽ, ഐ സി എ യുടെയും, ക്ലേശപരിഹാര പദ്ധതി നിർവ്വഹണത്തിനുശേഷം ഒരു എസ്ക്രോ അക്കൗണ്ട് സൂക്ഷിക്കേണ്ടുന്നതിന്റെയും ആവശ്യകത വായ്പക്കാരന്റെ അക്കൗണ്ട് തലത്തിൽ ബാധകമായിരിക്കും. അതായത്, വായ്പാ സ്ഥാപനങ്ങൾ വായ്പകൾ നൽകിയ നിയമാനുസൃതമായ കക്ഷികൾക്ക് അവരുടെ ഒരു പ്രോജക്ടിനായി രൂപം നൽകിയ, നിയമദത്തമായ പദവിയുള്ള ഒരു സവിശേഷ മാധ്യമം ഉണ്ടായിരിക്കണമെന്നതും പദ്ധതിയിൽ ഉൾപ്പെടുന്നു.

11. ക്ലേശപരിഹാര പദ്ധതി നടപ്പാക്കപ്പെട്ട അനേകം വായ്പാസ്ഥാപനങ്ങൾ ഉൾപ്പെടുന്ന എല്ലാ അവസ്ഥകളിലും ഐ സി എ ഒപ്പ് വച്ചിരിക്കണമെന്നത് നിയമപരമായ ഒരു ആവശ്യകതയാണെന്നതും കൂടി വ്യക്തമാക്കുന്നു. പദ്ധതി ആരംഭിച്ച് 30 ദിവസത്തിനകം ഐസിഎ ഒപ്പ് വയ്ക്കാത്തപക്ഷം അധികമായ കരുതിവയ്ക്കലുകൾ നടത്തുകയെന്നത് ഐസിഎയുടെ നിയമപരമായ പ്രകൃതത്തിന് പകരമാവുകയില്ല എന്നതും വ്യക്തമാക്കുന്നു. നിയന്ത്രണപരമായ ഈ ആവശ്യകോപാധിയുടെ അനുവർത്തനം എല്ലാ വായ്പാസ്ഥാപനങ്ങൾക്കുമായുള്ള മേലന്വേഷണ അവലോകനത്തിൽ വിലയിരുത്തപ്പെടുന്നതായിരിക്കും.

താങ്കളുടെ വിശ്വസ്തതയുള്ള

(പ്രകാശ് ബാലിയാർ സിങ്)
ചീഫ് ജനറൽ മാനേജർ

# അനുബന്ധം
## 26 മേഖലകളിലെ മേഖല- നിയത അതിരുകൾ (ഉയർന്നതോ താഴ്ന്നതോ ആയ പരിധികൾ - സന്ദർഭാനുസരണം.)

| മേഖലകൾ | ടിഒഎൽ/ എടിഎൻ ഡബ്ലിയു | മൊത്തമൂണം/ ഇബിഐടിഎ | കറന്റ് അനുപാതം | ശരാശരി ഡിഎസ് സിആർ | ഡിഎസ് സിആർ |
|---|---|---|---|---|---|
| ഓട്ടോ ഭാഗങ്ങൾ | <= 4.50 | <=4.50 | >=1.00 | >=1.20 | >=1.00 |
| ഓട്ടോ ഡീലർഷിപ്പ് | <=4.00 | <=5.00 | >=1.00 | >=1.20 | >=1.00 |
| ഓട്ടോ മൊബൈൽ നിർമ്മാണം | <=4.00 | <=4.00 | ബാധകമല്ല | >=1.20 | >=1.00 |
| ഏവിയേഷൻ | <=6.00 | <=5.50 | >=0.40 | ബാധകമല്ല | ബാധകമല്ല |
| *കെട്ടിടനിർമാണ സാമഗ്രികൾ - ഓടുകൾ* | <=4.00 | <=4.00 | >=1.00 | >=1.20 | >=1.00 |
| സിമന്റ് | <=3.00 | <=4.00 | >=1.00 | >=1.20 | >=1.00 |
| രാസവസ്തുക്കൾ | <=3.00 | <=4.00 | >=1.00 | >=1.20 | >=1.00 |
| നിർമ്മാണം | <=4.00 | <=4.75 | >=1.00 | >=1.20 | >=1.00 |
| *ഉപഭോക്തൃവസ്തുക്കൾ/എഫ്എംസിജി* | <=3.00 | <=4.00 | >=1.00 | >=1.20 | >=1.00 |
| കോർപ്പറേറ്റ് റീട്ടെയിൽ കടകൾ | <=4.50 | <=5.00 | >=1.00 | >=1.20 | >=1.00 |
| രത്നങ്ങൾ, ആഭരണങ്ങൾ | <=3.50 | <=5.00 | >=1.00 | >=1.20 | >=1.00 |
| ഹോട്ടൽ, റെസ്റ്റോറന്റ്, ടൂറിസം | <=4.00 | <=5.00 | >=1.00 | >=1.20 | >=1.00 |
| ഇരുമ്പ്, ഉരുക്ക് നിർമ്മാണം | <=3.00 | <=5.30 | >=1.00 | >=1.20 | >=1.00 |
| ലൊജിസ്റ്റിക്സ് | <=3.00 | <=5.00 | >=1.00 | >=1.20 | >=1.00 |
| ഖനനം | <=3.00 | <=4.50 | >=1.00 | >=1.20 | >=1.00 |
| ഇരുമ്പ്- ഇതര ലോഹങ്ങൾ | <=3.00 | <=4.50 | >=1.00 | >=1.20 | >=1.00 |
| ഔഷധനിർമ്മാണം | <=3.50 | <=4.00 | >=1.00 | >=1.20 | >=1.00 |
| പ്ലാസ്റ്റിക് ഉത്പന്ന നിർമ്മാണം | <=3.00 | <=4.00 | >=1.00 | >=1.20 | >=1.00 |
| തുറമുഖം, തുറമുഖ സേവനങ്ങൾ | <=3.00 | <=5.00 | >=1.00 | >=1.20 | >=1.00 |
| വിദ്യുച്ഛക്തി | | | >=1.00 | >=1.20 | >=1.00 |
| *ഉത്പാദനം* | <=4.00 | <=6.00 | >=1.00 | >=1.20 | >=1.00 |

| | | | | | |
|---|---|---|---|---|---|
| *പ്രസരണം* | <=4.00 | <=6.00 | >=1.00 | >=1.20 | >=1.00 |
| *വിതരണം* | <=3.00 | <=6.00 | >=1.00 | >=1.20 | >=1.00 |
| റിയൽ എസ്റ്റേറ്റ് | | | >=1.00 | >=1.20 | >=1.00 |
| *വാസസ്ഥലങ്ങൾ* | <=7.00 | <=9.00 | >=1.00 | >=1.20 | >=1.00 |
| *വാണിജ്യപരം* | <=10.00 | <=12.00 | >=1.00 | >=1.20 | >=1.00 |
| റോഡുകൾ | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | >=1.10 | |
| ഷിപ്പിങ് | <=3.00 | <=5.50 | >=1.00 | >=1.20 | >=1.00 |
| പഞ്ചസാര | <=3.75 | <=4.50 | >=1.00 | >=1.20 | >=1.00 |
| തുണിത്തരങ്ങൾ | <=3.50 | <=5.50 | >=1.00 | >=1.20 | >=1.00 |
| വ്യാപാരം-മൊത്തക്കച്ചവടം | <=4.00 | <=6.00 | >=1.00 | പകരം ഇന്ററസ്റ്റ് കവറേജ് റേഷ്യോ >= 1.70 | |

കുറിപ്പുകൾ : വിദഗ്ദ്ധ സമിതിയുടെ ശിപാർശകൾ പ്രകാരം ചില മേഖലകളിൽ ബാധകമാകമല്ലാത്ത ചില സുപ്രധാന അനുപാതങ്ങളെ അപ്രകാരം അടയാളപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ നിഗമനത്തിൽ ബാധകമല്ലാത്ത മേഖലകളിൽ അനുപാതങ്ങൾ പ്രസക്തമാകണമെന്നില്ല.

(1) കറന്റ് അനുപാതത്തിനായി അതിരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. അസംസ്കൃത വസ്തുക്കൾക്കും ഓട്ടോ മൊബൈൽ ഭാഗങ്ങൾക്കുമായി 'ജസ്റ്റ് ഇൻ ടൈം ഇൻവെന്ററി ഇടപാടുകൾ ലഭ്യമാണെന്നതും, സംസ്കൃത വസ്തുക്കൾക്കായി ഡീലർമാരുടെ ധനസഹായം ലഭ്യമാണെന്നതുമാണു കാരണം.

(2) കൂടുതൽ എയർലൈൻ കമ്പനികളും ഒരു ധനകാര്യ ഉപായമെന്ന നിലയിൽ കടത്തിന്റെ റീഫൈനാൻസിങ് സൗകര്യം ഉപയോഗിക്കുന്നുവെന്നതിനാൽ ഡിഎസ് സി ആർ അതിരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. അക്കാരണത്താൽ ശരാശരി ഡി എസ് സി ആർ -ഉം നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

(3) റോഡ് മേഖലയിൽ ധനസഹായം പണത്തിന്റെ ഗമനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രോജക്ട് തീരുമാനിക്കുമ്പോൾ തുടക്കത്തിൽ ത്തന്നെ കടത്തിന്റെ അളവ് നിശ്ചയിക്കപ്പെടുന്നു. ഈ മേഖലയിൽ പ്രവർത്തന മൂലധന പരിവൃത്തിയും നെഗറ്റീവ് ആണ്. അക്കാരണത്താൽ ഈ മേഖലയുടെ പുന:സംഘടന വേളയിൽ ടിഒഎൽ/എടിഎൻഡബ്ല്യൂ/ഡെബ്റ്റ്/ഇ ബി ഐ ടി എ കറന്റ് അനുപാതം എന്നിവ പ്രസക്തമായെന്നു വരില്ല.

(4) ഈ മേഖലയിലെ മിക്ക കമ്പനികളും അവരുടെ പ്രവർത്തനങ്ങൾക്കായി ദീർഘകാല വായ്പകൾ ഉപയോഗിക്കുന്നില്ല. അവ ലിസ്റ്റ് ചെയ്യപ്പെടാത്തവയുമാണ്. അത് കൊണ്ട് ഡിഎസ് സി ആർ, ശരാശരി ഡി എസ് സി ആർ എന്നിവ ഈ മേഖലയിൽ പ്രസക്തമല്ല.